## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4874 22.05.2017 - ൽ മറുപടിക്ക്**

## പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസുകൾ ലീസിന് നൽകുന്ന നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.എം. ആരിഫ് :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകൾ ലീസിന് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ ; | (എ) | പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കീഴിൽ ഇടുക്കി ജില്ലയിലെ മൂന്നാർ റസ്റ്റ് ഹൗസ്, എറണാകുളം ജില്ലയിലെ ആലുവ റസ്റ്റ് ഹൗസ് എന്നിവയാണ് ലീസിന് നൽകിയിട്ടുള്ളത്. |
| (ബി) | ലീസിന് എന്തെല്ലാം വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും, ഇവ നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ ; | (ബി) | ROMT (Renovate Operate Maintain & Transfer) എന്ന വ്യവസ്ഥ പ്രകാരമാണ് മേൽ പറഞ്ഞ റസ്റ്റ് ഹൗസുകൾ ലീസിന് നൽകിയിരിക്കുന്നത്. സംസ്ഥാന സർക്കാരുമായുള്ള എഗ്രിമെന്റ് പ്രകാരം 30 വർഷത്തേയ്ക്കാണ് റസ്റ്റ് ഹൗസ് ലീസിന് നൽകിയിരിക്കുന്നത്. പ്രസ്തുത എഗ്രിമെന്റ് പ്രകാരം ഓരോ വർഷവും കരാറിൽ പറയുന്ന തുക സർക്കാരിലേയ്ക്ക് അടയ്ക്കണമെന്നും ആയതിന് കാലതാമസം ഉണ്ടാകുന്ന പക്ഷം 15% പീനൽ ഇന്ററസ്റ്റ് ഉൾപ്പെടെ സർക്കാരിലേയ്ക്ക് അടയ്ക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. |

| | |
|---|---|
| (സി) നിലവിൽ നാമമാത്രമായി പ്രവർത്തിക്കുന്ന പി. ഡബ്ല്യൂ. ഡി റസ്റ്റ് ഹൗസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് വ്യവസ്ഥകൾ ലഘൂകരിച്ച് ഇവ സഹകരണ സ്ഥാപനങ്ങൾക്ക് ലീസിനു നല്കാൽ ആലോചിക്കുന്നുണ്ടോ എന്നറിയിക്കുമോ? | (സി) പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**